"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2020-21 - നവീകരണം വഴി സ്മാർട്ട് വില്ലേജ് ഓഫീസ് - തിരുവനന്തപുരം ജില്ലയിലെ വട്ടപ്പാറ, ആറ്റിങ്ങൽ-അവനവഞ്ചേരി, മണക്കാട് എന്നീ വില്ലേജ് ഓഫീസുകൾക്ക് നൽകിയിട്ടുള്ള ഭരണാനുമതി തൈക്കാട്, പഴയകുന്നുമ്മേൽ, പെരുംകുളം എന്നീ വില്ലേജ് ഓഫീസുകൾക്ക് യഥാക്രമം മാറ്റി അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.412/2026/RD തീയതി,തിരുവനന്തപുരം, 22-02-2026

---

പരാമർശം:-

1. 16.10.2020 തീയതിയിലെ സ.ഉ(സാധാ) നം.3169/2020/റവ നമ്പർ ഉത്തരവ്.
2. 06.08.2022 തീയതിയിലെ സ.ഉ(സാധാ) നം.3369/2022/റവ നമ്പർ ഉത്തരവ്.
3. 16.11.2023 തീയതിയിലെ സ.ഉ(സാധാ) നം.4111/2023/റവ നമ്പർ ഉത്തരവ്.
4. 15.10.2025 തീയതിയിലെ സ.ഉ (സാധാ) നം. 2373/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03.01.2026 തീയതിയിലെ LR/8656/2024-LR(M5) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പ്ലാൻ സ്കീം 2020-21-ൽ ഉൾപ്പെടുത്തി നവീകരണം വഴി സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിനായി പരാമർശം 1 പ്രകാരം തിരഞ്ഞെടുത്തിട്ടുള്ള വില്ലേജ് ഓഫീസുകളിൽ തിരുവനന്തപുരം ജില്ലയിലെ വട്ടപ്പാറ, ആറ്റിങ്ങൽ-അവനവഞ്ചേരി, മണക്കാട് വില്ലേജ് ഓഫീസുകളും ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ നവകേരള സദസ്സിൽ ഉയർന്നു വന്ന വികസന പദ്ധതികളിലൊന്നായ വട്ടപ്പാറ മിനി സിവിൽ സ്റ്റേഷൻ എന്ന പദ്ധതി, വട്ടപ്പാറ വില്ലേജ് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സൗകര്യം കൂടി ഉൾപ്പെടുത്തി, നിർവ്വഹിക്കുന്നതിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകി പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, കൂടാതെ ആറ്റിങ്ങൽ-അവനവഞ്ചേരി വില്ലേജ് ഓഫീസിനെ പ്ലാൻ സ്കീം 2023-24-ൽ ഉൾപ്പെടുത്തി പരാമർശം 3 പ്രകാരവും മണക്കാട് വില്ലേജ് ഓഫീസിനെ പ്ലാൻ സ്കീം 2022-23-ൽ ഉൾപ്പെടുത്തി പരാമർശം 2 പ്രകാരവും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് ഭരണാനുമതി നല്കിയിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ പ്ലാൻ സ്കീം 2020-21-ൽ ഉൾപ്പെട്ട വട്ടപ്പാറ, ആറ്റിങ്ങൽ-അവനവഞ്ചേരി, മണക്കാട് വില്ലേജ് ഓഫീസുകൾക്ക് പകരമായി, 2025-26 പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സർക്കാരിലേക്ക് സമർപ്പിച്ചിരുന്നെങ്കിലും ഭരണാനുമതി ലഭ്യമാകാത്ത നവീകരണം വഴി സ്മാർട്ട് ആക്കേണ്ട വില്ലേജ് ഓഫീസുകളായ തൈക്കാട്,

പഴയകുന്നുമ്മേൽ, പെരുംകുളം എന്നീ വില്ലേജ് ഓഫീസുകൾക്ക് ഭരണാനുമതി നൽകണമെന്നും പ്ലാൻ സ്കീം 2020-21-ൽ ഒരു വില്ലേജ് ഓഫീസിന് അനുവദിച്ച തുകയായ 14,46,000/- രൂപ ഉപയോഗിച്ച് DSoR 2021 പ്രകാരം നവീകരണം വഴി സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് സാധ്യമല്ലാത്തതിനാൽ മേൽ പരാമർശിച്ച പ്രകാരം ഭരണാനുമതിയും ഫണ്ടും അനുവദിച്ചു നൽകണമെന്നും തിരുവനന്തപുരം ജില്ലാ കളക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 5-ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്ലാൻ സ്കീം 2020-21-ൽ ഉൾപ്പെടുത്തി നവീകരണം വഴി സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് തിരുവനന്തപുരം ജില്ലയിലെ വട്ടപ്പാറ, ആറ്റിങ്ങൽ-അവനവഞ്ചേരി, മണക്കാട് എന്നീ വില്ലേജ് ഓഫീസുകൾക്ക് നൽകിയിട്ടുള്ള ഭരണാനുമതി യഥാക്രമം തൈക്കാട്, പഴയകുന്നുമ്മേൽ, പെരുംകുളം എന്നീ വില്ലേജ് ഓഫീസുകൾക്ക് മാറ്റി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba V R
Date: 24-02-2026 13:22:09
സെക്ഷൻ ഓഫീസർ